സംവരണതത്വം പാലിക്കാതെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നടന്നതും നടക്കുന്നതുമായ നിയമനങ്ങളെപ്പറ്റി അന്വേഷിക്കാൻ ഒരു കമ്മീഷനെ വെക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

ഇപ്പോഴുള്ള സംവിധാനം പര്യാപ്തമാണ്.

ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം നടന്ന നിയമനങ്ങളുടെ ജാതി തിരിച്ചുള്ള പട്ടിക

1475. [2215] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 1986 സെപ്റ്റംബർ 30 വരെ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന വിവിധ ഡിപ്പാർട്ടുമെൻറുകളിൽ ക്ലാസ്-1, ക്ലാസ്-2, ക്ലാസ്-3, ക്ലാസ്-4 എന്നീ വിവിധ കാറ്റഗറിയിൽപെട്ടിട്ടുള്ളവരുടെ ജാതി തിരിച്ചുള്ള പട്ടിക മേശപ്പുറത്ത് വയ്ക്കാമോ ?

ഉത്തരം

ജാതി തിരിച്ചുള്ള കണക്ക് പ്രസിദ്ധപ്പെടുത്തുന്നത് സർക്കാരിൻറെ നയമല്ലാത്തതിനാൽ അപ്രകാരമുള്ള ലിസ്റ്റ് ലഭ്യമല്ല.

പാവർകണ്ടി ഉമ്മറിൻറെ കൊലപാതകം

1476. [2225] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ പാണ്ടിക്കോട് പാവർകണ്ടി ഉമ്മറെ കൊല ചെയ്ത കേസിനെക്കുറിച്ചുള്ള അന്വേഷണം ഏതു ഘട്ടത്തിൽ ആണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

പാണ്ടിക്കോട് ഉമ്മറിൻറെ കൊലപാതകം സംബന്ധിച്ച് 7-8-1985-ൽ പോലീസ് സ്റ്റേഷനിൽ 159/85-ാം നമ്പരായി കേസ് രജിസ്റ്റർ ചെയ്തു. പ്രസ്തുത കേസിൻറെ അന്വേഷണം 3-11-1985-ൽ ക്രൈം ബ്രാഞ്ച് ഏറ്റെടുത്തു. കേസ് ഊർജ്ജിതമായ അന്വേഷണത്തിലാണ്.

ആൻറണി വിജയൻറെ കൊലപാതകം

1477. [2226] ശ്രീ. കെ. മുസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986 ഒക്ടോബർ 19-ന് കുണ്ടറ പടപ്പക്കര പള്ളിക്ക് സമീപത്ത് വച്ച് ആൻറണി വിജയൻ എന്ന 24 വയസുകാരനെ വെട്ടി കൊലപ്പെടുത്തിയിട്ടുള്ളത് ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിജയനെ കൊലപ്പെടുത്തിയവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.
(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly